# പെസഹാ വ്യാഴാഴ്ച പ്രഭാതം

**കൗമാ**

**ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു**

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ
(+) **കുരിശു വരച്ച് കുമ്പിടണം**
പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ
(+) **കുരിശു വരച്ച് കുമ്പിടണം**
പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ
(+) **കുരിശു വരച്ച് കുമ്പിടണം**

സുറിയാനി

**ബ്രിക്മുക്കോക്ദഹലോഫൈൻ**

മ്ശീഹോ- ദബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

മ്ശീഹോ- ദബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

മ്ശീഹോ- ദബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

**ഗദ്യം**

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!
സ്തോത്രം കത്താവേ! സ്തോത്രം കത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.

Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

ഗദ്യം

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

സ്തൗമെൻകാലോസ് കുറിയേലായിസോൻ

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is

in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

Stomankalos Kurialaison

**(51-ാം മസുമൂർ)**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരുവചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയുംതിരുന്യായവിധികളിൽ കർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻവെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോ

ഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രക്കാരെ തിരുവഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.
എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യാഗ്യമാകുന്നു.
ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me

throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me.

But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.
Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.
And to Thee belongs the praise, O God. Barekmor.

ശുബഹോ......... മെനഓലം.......... കുറിയേലായിസ്സോൻ.

**എനിയോനോ**

**(ഏമ്മോദ് കിസോ......... എന്ന രീതി)**

1. ഇന്നാൾ നാ-ഥൻ-വെളിവാക്കിയ മ-ർമ്മം
ശോകം പാ-രംശ്ലീഹക്കളവാ-ക്കി
ദേവാ! ദയചെയ്തീടണമെ.

2. തൻ സ്മരണ-യ്ക്കായ് പന്തിരുശി-ഷ്യർക്ക്
തന്നുരക്ത-ങ്ങൾ സസ്നേഹം നലകിയ
ദേവാ! ദയചെയ്തീടണമെ.

3. സാദരമാ സ്രാപ്പേന്മാർ കീർത്തിക്കെ
പാപിനി തൈലം കാലുകളിൽ പൂശിയ
ദേവാ! ദയചെയ്തീടണമെ.

4. സ്വവധത്താ-ലാടിനെ മോചിപ്പിച്ച്
തന്നുരക്ത-ങ്ങൾ ശിഷ്യന്മാക്കേ-കിയ
ദേവാ! ദയചെയ്തീടണമെ.

ബാറെക്മോർ-ശുബഹോ-മെനഓലം

5. രക്ഷകനാം-നാഥൻ മര്ത്യതയാണ്ടോൻ
ബലിയോടൊ-പ്പം ശ്രേഷ്ഠാചാര്യൻ-തൻ
ദേവാ! ദയചെയ്തീടണമെ.

## 63 ാം മസുമൂർ

എന്റെ ദൈവമേ! കര്ത്താവ് എന്റെ ദൈവമാകുന്നു. ഞാൻ കര്ത്താവിനു വേണ്ടി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് കര്ത്താവിനായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും കര്ത്താവിനായി കാത്തിരിക്കുന്നു.

ഇപ്രകാരം കര്ത്താവിന്റെ ബലത്തേയും കര്ത്താവിന്റെ ബഹുമാനത്തേയും കാണ്മാൻ സത്യമായിട്ട് ഞാൻ കര്ത്താവിനെ നോക്കി

എന്തെന്നാൽ കര്ത്താവിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ കര്ത്താവിനെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരംഞാൻ കര്ത്താവിനെ വാഴ്ത്തുകയും കര്ത്താവിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ ഉയര്ത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടി പ്രാപിക്കും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് കര്ത്താവിനെ സ്തുതിക്കയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ കര്ത്താവിനെ ഓര്ത്തു. രാത്രി കാലങ്ങളിൽ ഞാൻ കര്ത്താവിനെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ കര്ത്താവ് എനിക്ക് സഹായമായിത്തീര്ന്നു. കര്ത്താവിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് കര്ത്താവിനെ പിൻതുടര്ന്നു. കര്ത്താവിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്ക് പ്രവേശിക്കും.

അവർ വാളിനു വിധേയമാക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

കര്ത്താവിന്റെ നാമത്തിൽ ആണയിടുന്ന ഏവനും പുക

ഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

My God! You are my God. Earnestly I seek you.

My soul thirsts for you and my body longs for you, as the dry and weary land, cry for water.

I looked at you in the Sanctuary to behold your power and glory.

My lips will glorify you because your loving kindness is better than life.

I will praise you as long as I live and I will lift up my hands like this in your name.

My soul will be flourished as with marrow and fat, and my mouth shall praise you with singing lips.

I remember you on my bed, I think of you through the watches night.

Because you are my help, I sing in the shadow of your wings

My soul clings to you, your right hand upholds me.

They who seek my life will be destroyed; they will go down to the depths of the earth.

They will be given over to the sword and become food for foxes.

But the king will rejoice in God. All who swear by God's name will praise Him, while the mouths of the lairs will be silenced.

And to Thee belongs the praise, O God. Barekmor.

## എനിയോനോ

1. മരണത്തിനു മുമ്പായ്-അപ്പം വീഞ്ഞും
തൻ-മെയ് രക്തങ്ങടെ കുറിയായ്
ശിഷ്യന്മാർക്ക് കൊടുത്തോനേ
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

2. പെസഹാകുഞ്ഞാടിൻ-വിടുതൽമൂലം
പഴയവനിത്തി-തൻ ഗാത്രം
ശിഷ്യർക്കേകിയവൻ ധന്യൻ
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

3. ഭക്ഷണവേളയതിൽ-നിങ്ങളിലൊരുവൻ
എന്നെയൊറ്റീടുമെന്നേവം
ശിഷ്യന്മാരോടു ചൊന്നോനേ!
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

4. അബ്രഹാമിൻ മുൻ-കുറിയാം ബലിയാൽ
ഇസഹാക്കിനെ രക്ഷിച്ചോനേ!
പാടേൽപാൻ ഹിതമാർന്നോനേ
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

5. സസ്നേഹത്താൽ-പങ്കപ്പാടേറ്റ്
ആദാമിനെയും സുതരേയും
വീണ്ടോനാം മ്ശിഹാ നാഥാ-
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

6. ജലപാത്രം പേറി-കൈലേസരയിൽ
ചേലൊടുചുറ്റി ശിഷ്യരുടെ
കാലുകൾ കഴുകിയവൻ ധന്യൻ-
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-ന്മേൽ

ബാറെക്മോർ-ശുബഹോ-മെനഓലം

7. സ്വർപ്പുര രാജാവേ-ആർദ്രത തോന്നി
മഹിമ സഭയ്ക്കേകീടണമേ

അവൾ നിൻപേക്കും താതന്നും
റൂഹാ-യ്ക്കും സ്തോത്രം പാടും   കുറിയേലായിസോൻ

## 19-ാം മസുമൂർ

സ്വർഗ്ഗം ദൈവത്തിൻെറ മഹത്ത്വത്തെ അറിയിക്കുന്നു. സ്വർഗ്ഗത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു; രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല; വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെമേൽ അവന്റെ കൂടാരം അടിച്ചു; അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

സ്വർഗ്ഗാതിർത്തികളിൽ നിന്ന് അതിന്റെ പുറപ്പാടും, സ്വർഗ്ഗാതിർത്തികളിൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ആവിയിൽ നിന്ന് മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറ ഇല്ലാത്തതും, ആത്മാവിനെ തിരിക്കുന്നതും ആകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസ യോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതും ആകുന്നു. കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും, കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യ മായിട്ടുള്ളവയും, സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു.

അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തെക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല തന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും

അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽ നിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനായിട്ട് അന്യായത്തിൽ നിന്ന് കർത്താവിന്റെ ദാസനെ തടയണമേ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരു ഇഷ്ടപ്രകാരവും, എന്റെഹൃദയത്തിലെ ധ്യാനം തിരു മുമ്പാകെയുമിരിക്കണമേ.

ദൈവമേ സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ-ശുബ...

The heavens declare the glory of God; and the firmament sheweth his handywork. Day after day they pour speech, and night after night they display knowledge.

There is no speech or language where their voice is not heard. Their voice goes out into all the earth, their words to the ends of the world.

In the heavens, He has pitched a tent for the sun which is like a bridegroom coming forth from his pavilion like a champion, rejoicing to run his course.

It rises at one end of the heavens and makes its circuit to the other, nothing is hidden from its heat.

The law of the Lord is perfect reviving the soul. The statutes of the Lord are trustworthy making wise the simple.

The precepts of the Lord are right giving joy to the heart. The commands of the Lord are radiant giving light to the eyes.

The fear of the Lord is pure enduring for ever. The

ordinances of the Lord are sure and altogether righteous. They are more precious than gold, than much pure gold. They are sweeter than honey than honey from the comb.

By them is your servant warned in keeping them there is great reward. Who can discern his errors? Forgiven my hidden faults.

Keep your servant also from willful sins may they not rule over me. Then will I be blameless innocent of great transgression. May the words of my mouth and the meditation of my heard be pleasing in your sight. O! Lord, my rock and my redeemer.
And to Thee belongs the praise, O God. Barekmor.

**എനിയോനോ**

**(ശ്മായോനോ ശുബഹോ സൊമറിൻ.... എന്ന രീതി)**
**(മ്ശിഹാ ജീവിച്ചെഴുന്നേറ്റു എന്ന രീതി)**

1. രക്ഷക പീ-ഡാനുഭവത്തിൽ
സോദരരേ-വരുവീൻ കേഴാം
സീയോനിൽ-മൂഢന്മാർ തൻ
ദ്രോഹത്തിൽ-നിലവിളി കൂട്ടാം

2. മർത്യക്കായി-താഴ്ത്തിയ നിന്നെ
വാഴ്ത്തിടുവാ-നേവൻ പോരും
വീണവനാ-ദാമിൻ പേക്കായ്
സ്നേഹത്താൽ-നീ കുരിശേറി.

3. മിസ്രേമീ-ന്നത്ഭുതപൂർവ്വം
നിർഗ്ഗതമാം-മുന്തിരിവള്ളി
കണ്ടാലും-ശൂന്യതയാണ്
പഥികരതിൽ-വിഹരിക്കുന്നു

4. തോട്ടത്തീ-ന്നതിനെ നീക്കി
ജാതികളിൽ-ചിതറിച്ചേവം
തിരുസഭയെ-വേട്ടോൻ ധന്യൻ
നിന്നെയവൾ-കീർത്തിക്കുന്നു

5. രക്ഷകസ-ന്നിധിയാന്നേവം
ശിഷ്യന്മാർ-ചോദിച്ചിന്നാൾ
കർത്താവേ-എവിടെയൊരുക്കും
നിൻപേക്കായ്-പെസഹാ ഞങ്ങൾ
ബാറെക്മോർ-ശുബഹോ-മെനഓലം

6. നാഴികയാ-യെന്നോർത്തപ്പോൾ
നാഥൻ നീ-ചൊല്ലിയയച്ചു
അത്താഴം-പരിചൊടൊരുക്കാൻ
കീപ്പായോ-ഹന്നാന്മാരെ കുറിയേലായിസോൻ

കർത്താവിന് ഒരു പുതിയ പാട്ടും, കർത്താവിന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽ നിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും, അവയിൽ കുടിയിരിക്കുന്നവരുമേ! കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽ നിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിന് മഹത്വം കൊടുക്കുകയും, കർത്താവിന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമി എന്നപോലെ പുറപ്പെടും. കർത്താവ് യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. കർത്താവ് ആർത്ത് പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു.

ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു.

ബാറെക്മോർ ശുബഹൊ..... മെനഓലം......

Sing to the Lord a new song. His praise from the ends of the earth. You who go down to the sea, and all that is in it you islands and all who live in them praise the Lord.

Let the desert, and its town raise their voices. Let the settlements where kedar lives, rejoice. Let the people of Sela, sing for joy. Let them shout from the mountain tops. Let them give glory to the Lord and proclaim His praise in the islands.

The Lord will march out like a mighty man. Like a warrior, he will stir up his zeal, with a shout. He will raise the battle cry and will triumph over His enemies.

You heavens above, rain down righteousness let the clouds shower it down. Let the earth open wide, let salvation spring up. Let righteousness grow with it. I, the Lord have created it.

And to Thee belongs the praise, O God. Barekmor.

Barekmor Shubah....... Men olam......